എം.എസ്.സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരം കുട്ടനാട് മേഖലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

152 (1880) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എസ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരം കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള എന്തൊക്കെ പദ്ധതികളാണ് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് ;

(ബി) ഇവിടത്തെ ബണ്ടുകളുടെ ഉയരം കൂട്ടുന്നതിന്റെ ഭാഗമായി ഇതുവരെ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി എന്തൊക്കെ പണികളാണ് ഇനിയും ഇവിടെ നടത്തേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ജലവിഭവ പദ്ധതിവഴി നടപ്പിലാക്കേണ്ട പദ്ധതികൾ താഴെ പറയുന്നവയാണ് :

1. തണ്ണീർമുക്കം ബണ്ട് നവീകരിക്കുകവഴി ഓരുവെള്ളം കയറുന്നത് തടയാനും കുട്ടനാടിന്റെ പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2. തോട്ടപ്പിള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

3. സി&ഡി ബ്ലോക്കുകളുടെയും റാണി ചിത്തിര ബ്ലോക്കുകളുടെയും ഭാഗത്തുള്ള കായലുകളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുക.

4. ആലപ്പുഴ, ചങ്ങനാശ്ശേരി കനാലിന്റെ തടസ്സങ്ങൾ നീക്കി കനാൽ പൂർണ്ണമായും നവീകരിക്കുക.

5. പാടശ്ശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക, ബലപ്പെടുത്തുക, മോട്ടോർ ഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ് കൾവർട്ട് എന്നിവ നിർമ്മിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. കുട്ടനാടൻ തണ്ണീർതടത്തിലെയും ഓണാട്ടുകര തുറവൂർ, പട്ടണക്കാട് എന്നീ പ്രദേശങ്ങളിലെയും പുഴകൾ, കനാലുകൾ, ഓടകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക.

7. കരിയാർ പോലെയുള്ള സ്ഥലങ്ങളിലെ 33 ഓരുമുട്ടകൾക്കു പകരം സ്ഥിരം സംവിധാനം നടപ്പിലാക്കുക.

(ബി-ഡി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായി പാടശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക, ബലപ്പെടുത്തുക, മോട്ടോർ ഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ് കൾവർട്ട് എന്നീ പണികളാണ് നടത്തേണ്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭദിശയിലാണ്. അതിനാൽ ബണ്ടുകളുടെ ഉയരം കൂട്ടുന്നതിന് മാത്രമായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവെന്ന് ഇപ്പോൾ വ്യക്തമായി പറയുവാൻ കഴിയുകയില്ല. ഈ പദ്ധതിയിലെ മുകളിൽ പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാനായി ഏകദേശം 143.673 കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്.

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ 2012 മാർച്ച് 31-നകം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

വാട്ടർ മീറ്റർ റീഡിംഗിന് ഏകീകൃത സംവിധാനം

153 (1881) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം വാട്ടർ അതോറിറ്റി നിലവിൽ എപ്രകാരമാണ് മീറ്റർ റീഡിംഗ് എടുക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) എത്ര മാസത്തെ ഇടവേളയിലാണ് മീറ്റർ റീഡിംഗ് എടുക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) വയനാട് ജില്ലയിൽ ആറ് മാസത്തിൽ ഒരിക്കൽ മാത്രം മീറ്റർ റീഡിംഗ് എടുക്കുന്ന സംവിധാനമാണോ നിലവിലുള്ളത് ;

(ഡി) വയനാട് ജില്ലയിൽ പ്രസ്തുത രീതി അവലംബിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഇ) മറ്റേതെങ്കിലും ജില്ലയിൽ വയനാട് ജില്ലയിൽ നിലവിലുള്ള രീതി നിലവിലുണ്ടോ ; എങ്കിൽ ഏതൊക്കെ ജില്ലകളിലെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ആറ് മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുന്നതുമൂലം വാട്ടർ അതോറിറ്റിക്ക് റവന്യൂ നഷ്ടം സംഭവിക്കുന്നുണ്ടോ ;

(ജി) എങ്കിൽ സംസ്ഥാനത്ത് വാട്ടർ മീറ്റർ റീഡിംഗ് എടുക്കുന്നതിന് ഏകീകൃത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly